# സ്കൂൾ തല അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

എ.യു.പി സ്കൂൾ, പാച്ചീരി

# ആമുഖം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ BRC ക്ക് കീഴിൽ, മേലാറ്റൂർ ഉപജില്ലയിൽ പ്രവർത്തിക്കുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് A U P S പച്ചീരി. 1921-ൽ സ്ഥാപിതമായ ഈ വിദ്യാലയം പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് അറിവ് പകർന്നുകൊണ്ടിരിക്കുന്നു.

എൽ.പി വിഭാഗത്തിൽ 9 ഡിവിഷനുകളിലായി 238 കുട്ടികളും, യു.പി വിഭാഗത്തിൽ 7 ഡിവിഷനുകളിലായി 208 കുട്ടികളും ഇവിടെ പഠിക്കുന്നു. 20 സ്ഥിരം അധ്യാപകരും, മറ്റുജീവനക്കാരായി ഒരാളുമാണ് ഉള്ളത്. 10 ലാപ്ടോപ്പുകളും, 4 പ്രൊജക്ടറുകളും, 22 സ്മാർട്ട് ടിവികളുമായി സാങ്കേതികവിദ്യയിൽ സ്കൂൾ മികച്ചതായി നിലനിൽക്കുന്നു.

കൂടാതെ, ആധുനിക സൗകര്യങ്ങളോടുകൂടിയ ക്ലാസ്സ്റൂമുകൾ, ഓപ്പൺ ലൈബ്രറി, ചിൽഡ്രൻസ് പാർക്ക്, നവീകരിച്ച അടുക്കള, വൃത്തിയുള്ള ശൗചാലയങ്ങൾ, കുടിവെള്ളത്തിനായി കിണർ, വാഹനസൗകര്യങ്ങൾ എന്നിവയിലും സ്കൂൾ മുന്നിട്ട് നിൽക്കുന്നു.

28 കുട്ടികൾ LP വിഭാഗത്തിൽ നിന്നും, 50 കുട്ടികൾ UP വിഭാഗത്തിൽ നിന്നുമായി മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന JRC യൂണിറ്റും സ്കൂളിൽ പ്രവർത്തിക്കുന്നു.

# ഉള്ളടക്കം


| ക്രമ നം. | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1 | അക്കാദമിക - ഭൗതിക നേട്ടങ്ങൾ | |
| 2 | അക്കാദമിക - ഭൗതിക പരിമിതികൾ | |
| 3 | പൊതുലക്ഷ്യങ്ങൾ | |
| 4 | വിജയസ്പർശം 2.0 | 1 വർഷം |
| 5 | സ്മാർട്ട് സ്റ്റെപ്സ് | 1 വർഷം |
| 6 | സാഹിത്യസമാജം | 1 വർഷം |
| 7 | കായികം | 1 വർഷം |
| 8 | പുസ്തകവായന | 1 വർഷം |
| 9 | സ്കോളർഷിപ്പ് പരിശീലനം. | 1 വർഷം |
| 10 | പ്രതിമാസ പരീക്ഷകൾ | 1 വർഷം |
| 11 | CWSN കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം | 1 വർഷം. |

# അക്കാദമിക - ഭൗതിക നേട്ടങ്ങൾ

1. മികച്ച ക്ലാസ്റൂം അന്തരീക്ഷം.
2. കുട്ടികൾക്ക് എല്ലാ പിന്തുണയും നൽകുന്ന മികവാർന്ന അധ്യാപകർ.
3. എല്ലാ ക്ലാസുകളിലും സ്മാർട്ട് ടി.വി.
4. കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്താൻ സ്കൂൾ കോമ്പൗണ്ടിൽ CCTV ക്യാമറകൾ.
5. വിദ്യാരംഗം പ്രവർത്തനങ്ങളിൽ ജില്ലയിലെ മികച്ച വിദ്യാലയം.
6. ക്ലാസ് ലൈബ്രറി.
7. LSS - USS പരീക്ഷകളിലെ ഉന്നതവിജയം.
8. കലാമേളകളിലേയും, പ്രവൃത്തി പരിചയമേളകളിലേയും മികച്ച പ്രകടനം.
9. കുട്ടികളുടെ മികവുറ്റ പ്രവർത്തനങ്ങൾക്ക് വിദ്യാഭ്യാസമന്ത്രിയുടെ ഒഫീഷ്യൽ പേജിലൂടെയുള്ള പ്രത്യേക പരാമർശം.
10. വിജയസ്പർശം - സ്പെഷ്യൽ ക്ലാസുകൾ
11. പഠനോത്സവത്തിന് രക്ഷിതാക്കളിൽ നിന്നുള്ള മികച്ച പ്രതികരണം.
12. സ്കൂൾ വാർഷികം.

# അക്കാദമിക - ഭൗതിക പരിമിതികൾ

1. മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
2. പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നാക്കാവസ്ഥ.
3. സ്കൂൾ ഗ്രൗണ്ടിന്റെ അഭാവം.
4. കുട്ടികൾക്ക് കൃത്യമായ കായിക പരിശീലനം നൽകുന്നതിനായി ബന്ധപ്പെട്ട മേഖലകളിലെ വൈദഗ്ദ്ധ്യം നേടിയ അധ്യാപകരുടെ അഭാവം.
5. കലാമേഖലകളിലേക്കും, പ്രവൃത്തി പരിചയമേഖലകളിലേക്കും പരിശീലനം നൽകുന്നതിന് വൈദഗ്ദ്ധ്യം നേടിയ അധ്യാപകരുടെ അഭാവം.

# പൊതുലക്ഷ്യങ്ങൾ

2025-26 അധ്യയന വർഷം താഴെ പറയുന്ന കാര്യങ്ങൾ ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തന പരിപാടികൾ നടത്തും.

1. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും, പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യമാകുന്നു.
2. വിദ്യാലയത്തിൽ കുട്ടികളുടെ പരിപൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
3. അധ്യയനവർഷത്തിന്റെ അവസാനത്തോടെ എല്ലാ വിദ്യാർത്ഥികളും വായനയിലും എഴുത്തിലും അടിസ്ഥാനശേഷി ഉറപ്പ് വരുത്തും.
4. പൊതുവിജ്ഞാനമേഖലയിൽ താൽപര്യമായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക.
5. പഠനപ്രവർത്തനങ്ങൾക്ക് പുറമേ, കലാകായിക പ്രവർത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള അവസരം കുട്ടികൾക്ക് നൽകുക.
6. കുട്ടികളുടെയും, രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കുക.
7. പരമാവധി കുട്ടികൾക്ക് LSS-USS സ്കോളർഷിപ്പുകൾ ലഭ്യമാക്കുക.
8. കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുക.
9. ICT അധിഷ്ഠിത വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുക.
10. മുഴുവൻ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
11. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളിലെ അന്തർലീനമായ കഴിവുകൾ കണ്ടെത്തി പ്രത്യേക പ്രോത്സാഹനം നൽകുക.

# വിജയസ്പർശം 2.0

ലക്ഷ്യങ്ങൾ :

→ മുഴുവൻ കുട്ടികൾക്കും എഴുത്തും, വായനയും പ്രാപ്തമാക്കൽ.
→ പഠനത്തിൽ കൂടുതൽ താത്പര്യം ഉളവാക്കൽ.
→ ഓരോ കുട്ടിക്കും പ്രത്യേകം പരിഗണനയും, പരിശീലനവും നൽകൽ.

| പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ്. |
|---|---|---|---|
| → പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ പഠന നിലവാരം പരിശോധിക്കുന്നു.<br>→ പിന്നോക്കം നിൽക്കുന്ന കുട്ടികളെ തിരഞ്ഞെടുത്ത് എല്ലാ ശനിയാഴ്ചകളിലും പരിശീലനം നൽകുന്നു.<br>→ കുട്ടികളെ തുല്യ ഗ്രൂപ്പുകളാക്കി അവരുടെ പഠനപ്രക്രിയകളുടെ ഉത്തരവാദിത്തം അതാത് അധ്യാപകർക്ക് നൽകുന്നു.<br>→ ഓരോ ഗ്രൂപ്പിന്റെയും പഠനപുരോഗതി, ആ ഗ്രൂപ്പിന്റെ ചുമതലയിലല്ലാത്ത മറ്റൊരു അധ്യാപകൻ മൂല്യനിർണയം നടത്തി പരിശോധിക്കുന്നു. | PTA | അധ്യാപകർ | 1 വർഷം |

# സ്മാർട്ട് സ്റ്റെപ്പ്

ലക്ഷ്യങ്ങൾ :

→ സ്കൂൾ തലത്തിലും, മറ്റ് ഉയർന്ന തലങ്ങളിലും മികച്ച പ്രകടനം കാഴ്ച വയ്ക്കുക.

→ പൊതുവിജ്ഞാനമേഖലയിൽ കുട്ടികളെ തൽപരരാക്കുക.

→ ഇത്തരം കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക.

→ പത്രവായനാശീലം പ്രോത്സാഹിപ്പിക്കുക.

| പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|
| → സമകാലീന പ്രസക്തമായ സംഭവങ്ങളെ അടിസ്ഥാനമാക്കി ദിവസേന ഓരോ ചോദ്യം വീതം സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക.<br>→ ഈ ചോദ്യങ്ങളെ അടിസ്ഥാനമാക്കി മാസത്തിലൊരിക്കൽ ഒരു ക്വിസ് മത്സരവും. വർഷാവസാനത്തിൽ ഒരു മെഗാ ക്വിസ് മത്സരവും സംഘടിപ്പിക്കുക.<br>→ സ്കൂൾ തലത്തിൽ ക്വിസ് മത്സരങ്ങൾ നടത്തി മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കുട്ടികളെ തിരഞ്ഞെടുക്കുക<br>→ തിരഞ്ഞെടുത്ത കുട്ടികളെ സയൻസ്, സോഷ്യൽ, ഗണിത വിഷയങ്ങളിലെ അവരുടെ അഭിരുചിക്കനുസരിച്ച് ഗ്രൂപ്പുകളാക്കുക.<br>→ ഓരോ ഗ്രൂപ്പിനും പ്രത്യേക പരിശീലനം ഓൺലൈൻ സഹായത്തോടെ സാധ്യമാക്കുക. | | സയൻസ്, സോഷ്യൽ, ഗണിത ക്ലബ്ബുകൾ | 1 വർഷം |

# സാഹിത്യ സമാജം

ലക്ഷ്യങ്ങൾ :

→ സ്കൂൾ തലത്തിലും, മറ്റ് ഉയർന്ന തലങ്ങളിലും മികച്ച പ്രകടനം കാഴ്ച വയ്ക്കുക.

→ കുട്ടികളിലെ സർഗാത്മകമായ കഴിവുകൾ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകുക.

| പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ്. |
| --- | --- | --- | --- |
| → കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും, സഭാകമ്പം മാറ്റിയെടുക്കുന്നതിനുമായി എല്ലാ മാസവും സാഹിത്യസമാജം നടത്തുക.<br>→ സർഗാത്മകശേഷികൾ മെച്ചപ്പെടുത്തി മത്സര മനോഭാവം ഉണർത്തുന്നു.<br>→ വിവിധ കലാരൂപങ്ങളിൽ അഭിരുചി ഉള്ളവരെ കണ്ടെത്തുക.<br>→ കണ്ടെത്തിയ കുട്ടികൾക്ക് അവരുടെ ശേഷി വികസിപ്പിക്കുന്നതിനായി വിദഗ്ദ്ധരുടെ സഹായം ഉറപ്പാക്കുക.<br>→ പ്രവൃത്തിപരിചയ ശിൽപശാലകൾ സംഘടിപ്പിക്കുന്നു. | | അധ്യാപകർ, വിദ്യാരംഗം ക്ലബ്ബ് | 1 വർഷം. |

# കായികം

ലക്ഷ്യങ്ങൾ :

→ വിദ്യാർത്ഥികളുടെ കായികശേഷി വർധിപ്പിക്കുന്നതിന്.
→ വിവിധ കായിക ഇനങ്ങളിൽ നൈപുണ്യം നേടിയെടുക്കൽ.
→ ഫുട്ബോളിൽ മികവുറ്റ കുട്ടികളെ കണ്ടെത്തൽ.

| പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ്. |
|---|---|---|---|
| → ഫുട്ബോളിൽ പ്രാവീണ്യമുള്ള കുട്ടികളെ കണ്ടെത്തി സ്കൂൾ ഫുട്ബോൾ ടീം രൂപീകരിക്കൽ.<br>→ സ്കൂൾ ഫുട്ബോൾ ടീമിന് വിവിധ മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള അവസരങ്ങൾ നൽകുക.<br>→ ഫുട്ബോൾ തൽപരരായ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ടീമുകൾ രൂപീകരിച്ച് സ്കൂൾതല ഫുട്ബോൾ മത്സരം സംഘടിപ്പിക്കുക.<br>→ സ്കൂൾ കായികമേള സംഘടിപ്പിക്കൽ<br>→ ബാഡ്മിന്റണിൽ തൽപരരായ മുഴുവൻ പെൺകുട്ടികളെയും ടീമുകൾ രൂപീകരിച്ച് സ്കൂൾ തല ബാഡ്മിന്റൺ മത്സര സംഘടിപ്പിക്കുക. | PTA | അധ്യാപകർ | ഓഗസ്റ്റ് - സെപ്റ്റംബർ |

# പുസ്തകമധുരം

ലക്ഷ്യങ്ങൾ :

→ സ്കൂൾ ലൈബ്രറി ഷെൽഫുകളിലെ പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുക.

→ വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കുന്നു.

→ പുസ്തകങ്ങളുടെയും, വായനയുടെയും പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ നൽകുന്നു.

| പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ്. |
|---|---|---|---|
| → നിലവിൽ ലഭ്യമായ പുസ്തകങ്ങളുടെ എണ്ണം തരംതിരിക്കുന്നു.<br>→ ക്ലാസ് പി.ടി.എ, അധ്യാപകർ എന്നിവരുടെ സഹകരണത്തോടെ പുസ്തക സമാഹരണം നടത്തുക.<br>→ പിറന്നാൾ മധുരം എന്ന പേരിൽ പിറന്നാൾ ദിവസത്തിൽ ഒരു പുസ്തകം കുട്ടികൾ സ്കൂളിലേക്ക് സംഭാവന ചെയ്യുന്ന പദ്ധതി നടപ്പിലാക്കുക.<br>→ ലൈബ്രറി പുസ്തകങ്ങളുടെ ഉള്ളടക്കത്തെ അടിസ്ഥാനമാക്കി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | | അധ്യാപകർ | 1 വർഷം. |

# സ്കോളർഷിപ്പ് പരിശീലനം.

ലക്ഷ്യങ്ങൾ :

→ പരമാവധി കുട്ടികൾക്ക് എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പ് ലഭ്യമാക്കുക.

→ ഒബ്ജക്റ്റീവ് ടൈപ്പ് പരീക്ഷകളിൽ കുട്ടികൾ പ്രാവീണ്യം നേടുക.

→ പഠനപ്രവർത്തനങ്ങളിൽ മികവുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക.

| പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ് |
|---|---|---|---|
| → LSS - USS മാതൃകയിൽ കുട്ടികളുടെ മുന്നറിവ് പരിശോധിച്ച് മികവുള്ള കുട്ടികളെ തിരഞ്ഞെടുക്കുക.<br>→ ഓരോ വിഷയത്തിലും, അതാത് അധ്യാപകർ ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങൾ തയ്യാറാക്കുക.<br>→ തിരഞ്ഞെടുത്ത കുട്ടികൾക്ക് സ്കൂൾ സമയത്തിനുശേഷം വൈകുന്നേരങ്ങളിൽ പ്രത്യേക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുക.<br>→ കുട്ടികൾക്കും, രക്ഷിതാക്കൾക്കും മോട്ടിവേഷൻ ക്ലാസുകൾ സംഘടിപ്പിക്കുക. | PTA | അധ്യാപകർ | സെപ്റ്റംബർ - ഫെബ്രുവരി. |

# പ്രതിവാര പരീക്ഷകൾ

ലക്ഷ്യങ്ങൾ :

→ കുട്ടികൾ നേടേണ്ട പഠനനേട്ടങ്ങൾ ഓരോ ഘട്ടത്തിലും കുട്ടികൾ ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
→ നിരന്തരമായ മൂല്യനിർണയത്തിലൂടെ പരീക്ഷാപേടി അകറ്റുക.
→ പഠനവിടവുകൾ കൃത്യമായി കണ്ടെത്തി പരിഹരിക്കുക.

| പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ്. |
|---|---|---|---|
| → എല്ലാ മാസത്തിലും ആദ്യആഴ്ചയിൽ തന്നെ ക്ലാസ് ടെസ്റ്റുകൾ നടത്തുക.<br>→ എല്ലാ ടെസ്റ്റുകളുടെയും മൂല്യനിർണയം തൊട്ടടുത്ത ആഴ്ചയിൽ തന്നെ പൂർത്തിയാക്കുകയും, കുട്ടികളുടെ നിലവാരം അവലോകനം ചെയ്യുകയും ചെയ്യുക.<br>→ കുട്ടികളുടെ പഠനവിടവുകൾ കണ്ടെത്തി ആവശ്യമായ പരിഹാരമാർഗങ്ങൾ സ്വീകരിക്കുക.<br>→ കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളുമായി കൃത്യമായി ആശയവിനിമയം ചെയ്യുക. | PTA | അധ്യാപകർ | 1വർഷം. |

# CWSN കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം.

ലക്ഷ്യങ്ങൾ :

→ പഠനവൈകല്യം നേരിടുന്ന കുട്ടികളെയും, ഭിന്നശേഷിക്കാരായ കുട്ടികളെയും തിരിച്ചറിയുക.

→ പഠനപ്രവർത്തനങ്ങൾക്ക് പുറമെ ഇത്തരം കുട്ടികളിൽ അന്തർലീനമായ മറ്റ് കഴിവുകളും, അഭിരുചികളും രക്ഷിതാക്കളുടെ സഹായത്തോടെ കണ്ടെത്തുക.

→ ഇത്തരം അഭിരുചികളും, കഴിവുകളും വളർത്തുന്നതിന് ആവശ്യമായ പ്രോത്സാഹനങ്ങളും, പരിശീലന പരിപാടികളും നടപ്പിലാക്കുക.

| പ്രവർത്തനങ്ങൾ | സാമ്പത്തികം | ചുമതല | കാലയളവ്. |
|---|---|---|---|
| → മുൻവർഷങ്ങളിലെ പ്രകടനവും, നിലവിലെ മൂല്യനിർണയങ്ങളും അടിസ്ഥാനമാക്കി പഠനവൈകല്യം നേരിടുന്ന കുട്ടികളെ അധ്യാപകർ കണ്ടെത്തുന്നു.<br>→ ഇത്തരം കുട്ടികളുടെ രക്ഷിതാക്കളുമായി നിരന്തരം ആശയവിനിമയത്തിലേർപ്പെടുകയും അവരുടെ അഭിരുചികളും, കഴിവുകളും തിരിച്ചറിയുകയും ചെയ്യുക.<br>→ കുട്ടികളുടെ ഈ കഴിവുകളും മറ്റും പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമായ പരിപാടികൾ ക്ലാസ്തലങ്ങളിലും, സ്കൂൾ തലങ്ങളിലും സംഘടിപ്പിക്കുക.<br>→ ഇത്തരം കഴിവുകൾ സ്കൂളിൽ പ്രദർശിപ്പിക്കാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക. | PTA | ക്ലാസ് അധ്യാപകർ | 1 വർഷം. |